ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി.കാർത്തികേയൻ):

(എ) മരക്കൂട്ടത്തിൽ ഒരു കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 26 ഏക്കറും തീർത്ഥാടക പാതയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഇരു വശത്തും 5 മീറ്റർ വീതിയിലും ചെറിയാനവട്ടത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് 1.017 ഹെക്ടർ സ്ഥലവും, കഴുതകളെ ഉപയോഗിക്കുന്നതിന് പ്രത്യേക പാതയായി കൂപ്പ് റോഡ് വികസിപ്പിക്കുന്നതിനും സ്ഥലം വിട്ടുകിട്ടുന്നതിന് ദേവസ്വം ബോർഡ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) മറുപടി ലഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിതലത്തിലും ദേവസ്വം വകുപ്പുമന്ത്രി തലത്തിലും കേന്ദ്ര വനം വകുപ്പുമന്ത്രിയുമായി ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടത്തുകയും, നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിന് താൽക്കാലിക ഉപയോഗത്തിന് മരക്കൂട്ടത്ത് 20 ഹെക്ടറും വലിയാനവട്ടത്ത് 2.76 ഹെക്ടറും വനഭൂമി ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകുകയുണ്ടായി.

(ഇ) മാദ്ധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) കൂടുതൽ വനഭൂമിക്കുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണെന്നും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും രേഖാമൂലമുള്ള മറുപടി ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ വാർത്താ മാദ്ധ്യമങ്ങൾ വഴിയുള്ള ഇത്തരം പരാമർശങ്ങൾ അനുചിതമാണെന്ന് സർക്കാർ അറിയിക്കുകയുണ്ടായി. കൂടുതൽ വനഭൂമി വിട്ടുകിട്ടുന്ന കാര്യത്തിൽ വീണ്ടും കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

സ്വകാര്യ ബ്ലെയ്ഡ് കമ്പനികളെ നിയന്ത്രിക്കാൻ നടപടി

* 6 [579] ശ്രീ. സി. മമ്മൂട്ടി:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. അബ്ദുറബ്ബ്:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊള്ളപ്പലിശ ഈടാക്കുന്ന സ്വകാര്യ ബ്ലെയ്ഡ് കമ്പനികളെ നിയന്ത്രിക്കാൻ എന്തെങ്കിലും നിയമം നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതൊക്കെ നിയമം എന്ന് വ്യക്തമാക്കുമോ;

(സി) ബ്ലെയ്ഡ് കമ്പനികൾ ഈടാക്കുന്ന കൊള്ളപ്പലിശ നൽകാൻ കഴിയാത്ത വരെ ഈ കമ്പനിയുടെ ഗുണ്ടകൾ ശാരീരിക പീഡനത്തിനിരയാക്കുന്നത് കാരണം പലരും ആത്മഹത്യ ചെയ്തിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ഇ) ഇത്തരം കേസുകൾ ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതുവരെ എടുത്ത നടപടികൾ വ്യക്തമാക്കുമോ;

(ജി) ഇല്ലെങ്കിൽ ഇതിനായി ഗവൺമെന്റ് എന്തെങ്കിലും നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) 1958-ലെ കേരള മണി ലെൻഡേഴ്സ് ആക്ടിൽ പ്രത്യേകനിയമങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കേരള മണി ലെൻഡേഴ്സ് നിയമം 1958 വകുപ്പ് 7 പ്രകാരം സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് കൊമേഴ്സ്യൽ ബാങ്കുകൾ ലോണുകൾക്ക് ഈടാക്കുന്ന പലിശനിരക്കിൽ നിന്നും 2 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. വകുപ്പ് 18 (ഡി) പ്രകാരം ഏതെങ്കിലും പണമിടപാടു സ്ഥാപനങ്ങൾ അംഗീകൃത നിരക്കിനേക്കാൾ കൂടുതൽ പലിശ ഈടാക്കി എന്നു ബോദ്ധ്യപ്പെട്ടാൽ ലൈസൻസിംഗ് അതോറിറ്റിക്ക് കൂടുതലായി ഈടാക്കിയ പലിശയുടെ മൂന്നിരട്ടി തുക പെനാലിറ്റിയായി ഈടാക്കാവുന്നതാണ്. കേരള മണി ലെൻഡിംഗ് ആക്റ്റ് പ്രകാരമുള്ള ലൈസൻസിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്വകാര്യ ധനമിടപാടു സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദു ചെയ്യുന്നതിനുള്ള വ്യവസ്ഥയും നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ മണി ലെൻഡേഴ്സ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം മൂന്നു മാസംമുതൽ മൂന്നുവർഷംവരെ തടവോ, 50,000 രൂപ പിഴയോ അല്ലെങ്കിൽ തടവും പിഴയും ചേർന്നുള്ള ശിക്ഷയോ നൽകാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 'സി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ലൈസൻസ് ഇല്ലാതെ പണമിടപാടു നടത്തുന്നവരെ കണ്ടു പിടിക്കുകയും അനധികൃതമായി പണമിടപാടുകൾ നടത്തുന്നവർക്കെതിരെ മണി ലെൻഡിംഗ് നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനു മുള്ള നിർദ്ദേശങ്ങൾ എല്ലാ ലൈസൻസിംഗ് അതോറിറ്റിക്കും നൽകിയിട്ടുണ്ട്.

(ജി) സംസ്ഥാനത്തെ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് പര്യാപ്തമായ വ്യവസ്ഥകൾ കേരള മണി ലെൻഡേഴ്സ് ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്., കൂടാതെ അവയ്ക്ക് കാലോചിതമായ ഭേദഗതികളും വരുത്താറുണ്ട്.

സംസ്ഥാനത്തെ കുളമ്പുരോഗവിമുക്ത മേഖലയാക്കുന്നതിന് പ്രത്യേക പദ്ധതി

* 7 [580] ശ്രീ. കെ. നാരായണകുറുപ്പ്:
„ റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുളമ്പുരോഗവിമുക്ത മേഖലയാക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ദേശീയ ക്ഷീര വികസന ബോർഡിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;.

(സി) ഈ പദ്ധതിയുടെ നടത്തിപ്പിന് എത്ര ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ, ബി) കുളമ്പുരോഗം പോലെയുള്ള പകർച്ചവ്യാധികൾ നിയന്ത്രിച്ച് കേരളത്തെ ഒരു കാലി രോഗനിയന്ത്രിത മേഖലയാക്കുക എന്ന ലക്ഷ്യത്തോടെ 32.36 കോടി രൂപ ചെലവുവരുന്ന അഞ്ചുവർഷം കൊണ്ട് നടപ്പിലാക്കുന്ന സമഗ്ര രോഗനിയന്ത്രണ പദ്ധതി ദേശീയ ക്ഷീരവികസന ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഏകദേശം 32.36 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്:

1. Vaccination
2. Outbreak Management
3. Animal Movement Management

LIBRARY ARCHIVES Kerala Legislative Assembly